# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 882

05.02.2020-ൽ മറുപടിയ്ക്ക്.

## ക്ഷീരോല്പാദന മേഖലയിലെ സ്വയംപര്യാപ്തത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനം ക്ഷീരോല്പാദന മേഖലയിൽ സ്വയംപര്യാപ്തത നേടുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) സഹകരണമേഖലയിലൂടെയുള്ള പാൽ സംഭരണത്തിലും വിപണനത്തിലും ഏതാണ്ട് സ്വയംപര്യാപ്തതയിലെത്തിയിട്ടുണ്ട്.<br>പ്രതിദിനം 87 ലക്ഷം ലിറ്റർ ആവശ്യമുള്ളപ്പോൾ ഏകദേശം 82 ലക്ഷം ലിറ്ററോളം തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നുവെന്നാണ് കണക്കാക്കപ്പെടുന്നത്. 2018, 2019 വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ പ്രളയവും പ്രകൃതിക്ഷോഭവും കാരണമാണ് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ കഴിയാതെപോയത്. എന്നാൽ സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ക്രിയാത്മകമായ ഇടപെടലിലൂടെ പാലുല്പാദനത്തിൽ വന്ന കുറവ് പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ തുടർന്നു വരുന്നു. |
| (ബി) ക്ഷീരമേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനും അത് ഒരു തൊഴിൽ സംസ്കാരമായി വളർത്തിയെടുക്കുന്നതിനും വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) ക്ഷീരമേഖലയിലേയ്ക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനും തൊഴിൽ സംസ്കാരമായി വളർത്തിയെടുക്കുന്നതിനും പ്രധാനമായും താഴെപറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br>1. മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി<br>2. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ<br>3. കാലിത്തീറ്റ സബ്സിഡി<br>4. കിടാരി പാർക്ക്<br>5. സമഗ്ര ഇൻഷ്വറൻസ് പദ്ധതി<br>6. ആവശ്യാധിഷ്ഠിത സഹായം<br>7. ക്ഷീരസംഘങ്ങൾക്കുള്ള സഹായം<br>8. ക്ഷീരകർഷകക്ഷേമനിധിയിലൂടെ പെൻഷൻ, അവശതാ പെൻഷൻ, കുടുംബപെൻഷൻ, വിവാഹധനസഹായം, ചികിത്സാ സഹായം, മരണാനന്തര സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, മികച്ച ക്ഷീരകർഷകർക്കുള്ള അവാർഡ് എന്നിവയും നൽകി വരുന്നു. |

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് കർഷകർക്ക് സാങ്കേതിക പരിജ്ഞാനം നൽകുന്നതോടൊപ്പം ഇതിനായി സഹായവും നൽകുന്നുണ്ട്.

ക്ഷീരസംഘങ്ങളിൽ നിന്നും കർഷകർക്ക് പാലിന് വില ലഭിക്കുന്നത് പാലിൽ അടങ്ങിയിരിക്കുന്ന ഖരപദാർത്ഥങ്ങളുടെ അളവ് അനുസരിച്ചാണ്. കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനായി ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികളും കാലിത്തൊഴുത്തിന്റെയും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിന് സഹായമായ നടപടികൾ സ്വീകരിക്കുന്നതിന് ധനസഹായം നൽകുന്നു. കൂടാതെ ക്ഷീരസംഘങ്ങൾക്ക് പാൽസംഭരണവും വിതരണവും കൂടുതൽ ഭക്ഷ്യസുരക്ഷാമാനദണ്ഡ പ്രകാരമാക്കുന്നതിനും ധനസഹായം നൽകുന്നു. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ആഫീസുകളും ബ്ലോക്കുതലത്തിലുള്ള ക്ഷീരവികസന യൂണിറ്റുകളും ക്ഷീരസംഘങ്ങൾ വഴി സംഭരിക്കുന്ന പാലിന്റേയും പ്രാദേശിക വിപണനം നടത്തുന്ന പാലിന്റേയും ഗുണമേന്മ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. പ്രാദേശികമായി സംഭരിക്കുന്ന പാലിന്റേയും, വിപണനം നടത്തുന്ന പാലിന്റേയും ഗുണനിലവാരവും അണുഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനായി 'ത്രൈമാസ ഗുണനിലവാര യജ്ഞം' കഴിഞ്ഞ രണ്ട് വർഷമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഫലമായി പാലിലെ മൊത്തഖരപദാർത്ഥങ്ങളുടെ അളവ് വർദ്ധിപ്പിക്കുന്നതിനും പാലിൽ അടങ്ങിയിരിക്കുന്ന അണുക്കളുടെ എണ്ണം കുറച്ച് സൂക്ഷിപ്പ് മേന്മ വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(ഡി) ഗോസമൃദ്ധി 2019-20 പദ്ധതി പ്രകാരം നടപ്പിലാക്കിയ ഇൻഷ്വറൻസ് പരിരക്ഷ വിജയപ്രദമാണോ; ഇതിലൂടെ എത്ര ക്ഷീരകർഷകർക്കും അവരുടെ ഉരുക്കൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകിയെന്ന് അറിയിക്കാമോ;

(ഡി) ഗോസമൃദ്ധി 2019-2020 പദ്ധതി പ്രകാരം നടപ്പിലാക്കിയ ഇൻഷ്വറൻസ് പരിരക്ഷ വിജയപ്രദമാണ്.

നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 5 കോടി രൂപ ചെലവഴിച്ച് 50,000 ഉരുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതിന്റെ ആദ്യഘട്ടമായി ലഭ്യമായ 2 കോടി രൂപ വിനിയോഗിച്ചുള്ള പദ്ധതി നിർവ്വഹണം അന്തിമഘട്ടത്തിലാണ്. നിലവിൽ 7427 ക്ഷീരകർഷകരുടെ 10600 ഉരുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി.

ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തേണ്ട 39400 ഉരുക്കൾക്കും കൂടി ഇൻഷ്വറൻസ് പരിരക്ഷ ഉടൻ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ നടക്കുകയാണ്.

| | | |
|---|---|---|
| (ഇ) | ക്ഷീരകർഷകർക്ക് ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ച് കർഷകരുടെയിടയിൽ ബോധവൽക്കരണം നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പ്രത്യേക ക്ലാസ്സുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഇ) ക്ഷീരകർഷകർക്ക് ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ചുള്ള ബോധവൽക്കരണം പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കി വരുന്നുണ്ട് . |

**സെക്ഷൻ ഓഫീസർ**